
# ഗസ്സയെ ശ്വാസം മുട്ടിക്കാൻ ഈജിപ്തിന്റെ ഇരുമ്പ് മതിൽ

**മിഡിലീസ്റ്റ് ഡയറി**

**പി.കെ നിയാസ്**

**സ്വന്തം** ജനതയെ ഒറ്റുകൊടുത്ത നിരവധി നേതാക്കൾ ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. മുസ്‌ലിം രാജ്യങ്ങളിലുമുണ്ട് അത്തരക്കാർ. ഇസ്‌ലാമിക ലോകം, വിശിഷ്യാ വിശുദ്ധ ഖുദ്സ് ഉൾപ്പെടുന്ന ഫലസ്തീൻ മണ്ണ് അതിസങ്കീർണമായ കാലഘട്ടത്തിലൂടെ കടന്നുപോകുന്നത് രണ്ട് ഒറ്റുകാരെ സംഭാവന ചെയ്തുകൊണ്ടാണ്– ഈജിപ്തിലെ ഏകാധിപതി ഹുസ്നി മുബാറക്കും ഫലസ്തീൻ പ്രസിഡന്റിന്റെ കസേരയിൽ നിയമവിരുദ്ധമായി തുടരുന്ന മഹ്മൂദ് അബ്ബാസും. അമേരിക്കയുടെയും ഇസ്രയേ



ലിന്റെയും താളത്തിനൊത്ത് ചലിക്കുന്ന ഇരുവരും മുസ്‌ലിം ലോകത്തിന്റെ രൂക്ഷ വിമർശനങ്ങൾക്ക് പാത്രമാകുന്നത് സ്വാഭാവികം. ഗസ്സക്കാർ പുറംലോകവുമായി ബന്ധപ്പെടുന്ന ഈജിപ്തുമായുള്ള അതിർത്തിയിൽ ഇരുമ്പു മതിൽ നിർമിച്ച് സയണിസ്റ്റ് ശത്രുക്കൾക്ക് അവരെ ഞെരിച്ചുകൊല്ലാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുകയാണ് ഹുസ്നി മുബാറക്ക്. ഈജിപ്തിന്റെ ദേശീയ സുരക്ഷ കണക്കിലെടുത്താണ് മതിൽ നിർമിക്കുന്നതെന്നാണ് ഭരണകൂടം നൽകുന്ന വിശദീകരണം. മതിൽ പൂർത്തിയാകുന്നതോടെ ഹമാസിനെ അതിന്റെ ശക്തികേന്ദ്രമായ ഗസ്സയിൽ തകർക്കാൻ കഴിയുമെന്നും മുബാറക്ക് കണക്കുകൂട്ടുന്നു.

ഫലസ്ത്വീനികൾക്ക് ദുരിതാശ്വാസവുമായി എത്തിയ വിവ ഫലസ്ത്വീനിയ എന്ന ജീവകാരുണ്യ സംഘത്തെ അതിർത്തിയിൽ തടഞ്ഞതോടെ മുബാറക്കിന്റെ ഉദ്ദേശ്യം വ്യക്തമാവുകയും ചെയ്തു. സയണിസത്തിന്റെ കണ്ഠകോടാലിയായ ബ്രിട്ടീഷ് പാർലമെന്റംഗം ജോർജ് ഗാലോവെയുടെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽനിന്ന് മരുന്നുകളും മറ്റു അവശ്യവസ്തുക്കളും ശേഖരിച്ച് ആയിരക്കണക്കിന് കിലോമീറ്ററുകൾ സഞ്ചരിച്ച് റാഫ അതിർത്തിയിലെത്തിയ സംഘത്തെ തടഞ്ഞുനിർത്തി പീഡിപ്പിച്ച മുബാറക്ക് ഭരണകൂടം സയണിസ്റ്റുകളേക്കാൾ നീചമായ രീതിയിലാണ് പെരുമാറിയത്. മർദിതരുടെ പക്ഷത്ത് നിലയുറപ്പിച്ചതിനാൽ അമേരിക്കയുടെയും ഇസ്രയേലിന്റെയും ബ്ലാക്ക്‌ലിസ്റ്റിൽ ഉൾപ്പെടുന്ന ഗാലോവെയെ ബലം പ്രയോഗിച്ച് വിമാനത്തിൽകയറ്റി അയക്കുകയും ഈജിപ്തിൽ അനഭിമതനാക്കി ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു മുബാറക്ക് ഭരണകൂടം.

ഗസ്സയിൽ ഇസ്രയേൽ നടത്തിയ ഭീകരതാണ്ഡവത്തെ അതിനിശിതമായി വിമർശിച്ച് സയണിസ്റ്റ് ഭരണകൂടത്തിനെതിരെ നടപടിക്ക് ശുപാർശ ചെയ്യുന്ന ഗോൾഡ്‌സ്റ്റോൺ റിപ്പോർട്ട് യു.എൻ മനുഷ്യാവകാശ കൗൺസിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നായിരുന്നു അബ്ബാസ് പ്രഖ്യാപിച്ചത്. റിപ്പോർട്ടിന്മേലുള്ള ചർച്ച വൈകിക്കാൻ ഇടപെട്ടില്ലെങ്കിൽ വെസ്റ്റ്ബാങ്കിനെ രണ്ടാം ഗസ്സയാക്കുമെന്ന ഇസ്രയേലിന്റെ ആഭ്യന്തര രഹസ്യ വിഭാഗമായ ഷിൻബെറ്റിന്റെ തലവൻ യുവാൻ ദിസ്കിൻ അബ്ബാസിനെ ഭീഷണിപ്പെടുത്തിയിരുന്നതായി *ഹാരെറ്റ്സ്* ദിനപത്രം (17.1.2010) റിപ്പോർട്ട് ചെയ്യുന്നു. വെസ്റ്റ്ബാങ്കിൽ സഞ്ചാര സ്വാതന്ത്ര്യം നിയന്ത്രിക്കുമെന്നും വത്വനിയ മൊബൈൽഫോൺ കമ്പനിക്ക് ഫലസ്ത്വീൻ അതോറിറ്റിയിൽ നൽകിയ പ്രവർത്തനാനുവാദം പിൻവലിക്കുമെന്നും അബ്ബാസുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഷിൻബെറ്റ് ചീഫ് മുന്നറിയിപ്പ് നൽകിയിരുന്നു. ഗസ്സയിലെ ഇസ്രയേലീ ബോംബിംഗിന് അനുകൂലമായി നിലപാട് സ്വീകരിച്ചുവെന്ന ഗുരുതരമായ ആരോപണവും അബ്ബാസിനെതിരെ നിലനിൽക്കുന്നുണ്ട്.

പിറന്നമണ്ണ് നഷ്ടപ്പെടുന്നത് കണ്ട ഫലസ്ത്വീനിലെ തദ്ദേശീയർ ജൂത അധിനിവേശത്തെ പ്രതിരോധിക്കുന്നത് തടയാൻ 'ഉരുക്കുമതിൽ' പണിയണമെന്ന് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സയണിസ്റ്റ് നേതാവ് വ്ളാഡിമിർ ജബോറ്റിൻസ്കി എഴുതിയിരുന്നു. ജബോറ്റിൻസ്കിയുടെ ഉരുക്കുമതിൽ ആലങ്കാരിക പ്രയോഗമായിരുന്നു. സയണിസ്റ്റുകൾ സർവശക്തിയുമുപയോഗിച്ച് ഫലസ്ത്വീനികളെ നേരിടുകയെന്നായിരുന്നു അതിനർഥം. എന്നാൽ നൂറ്റാണ്ടു പിന്നിടുമ്പോഴേക്ക് മൃഗശാലയിൽ വന്യജീവികളെ കൂട്ടിലടക്കുന്ന തരത്തിൽ വെസ്റ്റ്ബാങ്കിലെ ഫലസ്ത്വീനികളെ വൻമതിൽ പണിത് സയണിസ്റ്റ് ഭരണകൂടം തളച്ചു. മതിലുകളും വേലികളും തീർത്ത് ഫലസ്ത്വീനികളെ ഞെരിച്ചുകൊല്ലുന്ന പണി ഇസ്രയേൽ നിർബാധം തുടരുമ്പോഴും

■ അബ്ബാസ്



■ ഗാലോവെ



■ മുബാറക്



അന്താരാഷ്ട്ര സമൂഹം നിസ്സഹായരായി നോക്കി നിൽക്കുകയായിരുന്നു. വെസ്റ്റ്ബാങ്കിൽനിന്ന് വേറിട്ടുകിടക്കുന്ന ഗസ്സ ലോകത്തിലെ ഏറ്റവും വലിയ തുറന്ന ജയിലാണെന്ന് യു.എൻ ഏജൻസികളും പാശ്ചാത്യ നിരീക്ഷകരും പറയുന്നു. ഗസ്സയുടെ ഒരു വശം കടലാണ്. സദാസമയവും ഇസ്രയേൽ നാവികസേന പട്രോൾ നടത്തുന്ന ഇവിടം മീൻപിടിത്ത ബോട്ടുകൾക്കു പോലും സ്വാതന്ത്ര്യമില്ല. കടൽകടന്നെത്തുന്ന റിലീഫ് ബോട്ടുകൾ ഇസ്രയേൽ സേനയുടെ പിടിയിൽപെടുന്നത് സ്ഥിരം കാഴ്ച. ഗസ്സയുടെ മറ്റു രണ്ട് അതിരുകളിൽ വേലികെട്ടി ഇസ്രയേൽ സൈനികർ നിലയുറപ്പിച്ചിരിക്കുന്നു. അവശേഷിക്കുന്നത് ഈജിപ്തുമായുള്ള റാഫ അതിർത്തിയാണ്. പത്തു കിലോമീറ്ററോളം നീളത്തിൽ ഹുസ്നി മുബാറക്കിന്റെ ഇരുമ്പുമതിൽ പണി അവിടെ പുരോഗമിക്കുകയാണ്. അത് പൂർത്തിയാകുന്നതോടെ ഗസ്സചീന്തിലെ 13 ലക്ഷം ജനങ്ങൾ പുറംലോകവുമായി ബന്ധപ്പെടാനാവാതെ ഞെരിഞ്ഞമരും.

ഇസ്രയേലുമായി തടവുകാരെ കൈമാറുന്നത് സംബന്ധിച്ച ചർച്ചകൾക്ക് നവംബർ, ഡിസംബർ മാസങ്ങളിൽ കയ്റോ സന്ദർശിച്ച ഹമാസ് പ്രതിനിധികൾ ഗസ്സ–സീനായി അതിർത്തിയിൽ ആഴ്ചകളായി ഈജിപ്ത് നടത്തിവരുന്ന നിർമാണ പ്രവർത്തനങ്ങളെക്കുറിച്ച് ഉയർന്ന ഉദ്യോഗസ്ഥരോട് ആരായുകയുണ്ടായി. ആശങ്കിക്കേണ്ടതായി ഒന്നുമില്ലെന്നും പതിവു മരാമത്ത് പണികളാണെന്നുമായിരുന്നു ഉദ്യോഗസ്ഥരുടെ വിശദീകരണം. എന്നാൽ ഹമാസ് നേതാക്കളുടെ സംശയം മാറിയില്ല. ഭൂമിയുടെ 20 മുതൽ 30 മീറ്റർ വരെ ആഴത്തിലുള്ള ഈ കുഴിയെടുക്കൽ ഗസ്സയെ ഒറ്റപ്പെടുത്തുന്ന ഇരുമ്പുമതിലിന്റെ നിർമാണത്തിനുവേണ്ടിയാണെന്ന സത്യം അതിർത്തിയിലെ ഈജിപ്ഷ്യൻ ഭാഗത്ത് ജീവിക്കുന്ന ഫലസ്തീനികളാണ് ഹമാസ് നേതൃത്വത്തെ അറിയിച്ചത്. മതിൽ നിർമാണത്തിലേർപ്പെട്ട തൊഴിലാളികളിൽനിന്ന് ചോർന്നതായിരുന്നു ഈ രഹസ്യം. പദ്ധതിയെപ്പറ്റി പുറത്തുപറയരുതെന്ന് ഈജിപ്ഷ്യൻ രഹസ്യാന്വേഷണ ഉദ്യോഗസ്ഥർ തൊഴിലാളികളെ താക്കീത് ചെയ്തിരുന്നു. ഇത്തരമൊരു മതിൽ നിർമാണത്തോട് ഇസ്‌ലാമിക ലോകത്തിന്റെ പ്രതികരണം അനുകൂലമായിരിക്കില്ലെന്ന് ഭരണകൂടത്തിന് അറിയാവുന്നതിനാലാണ് സംഭവം രഹസ്യമാക്കിവെച്ചത്. എന്നാൽ മുബാറക്ക് ഭരണകൂടത്തിന്റെ ഒറ്റുകൊടുക്കൽ നീക്കത്തിനെതിരെ ഹമാസ് രംഗത്തുവരികയും നിർമാണം മാധ്യമപ്രവർത്തകരെ ബോധ്യപ്പെടുത്തുകയും ചെയ്തതോടെ മേഖലയിൽ ശക്തമായ പ്രതിഷേധം രൂപപ്പെട്ടു. അറബ് ലോകത്ത് മാത്രമല്ല, മലേഷ്യയിലും ഇന്തോനേഷ്യയിലും വരെ മുബാറക്ക് ഭരണകൂടത്തിന്റെ നീച നടപടികൾക്കെതിരെ പ്രതിഷേധങ്ങൾ അരങ്ങേറി. *അൽജസീറ* ടെലി

വിഷൻ ചാനലും അന്തർദേശീയ പണ്ഡിത സമിതി അധ്യക്ഷൻ ഡോ. യൂസുഫുൽ ഖറദാവിയുമാണ് വിഷയം രാഷ്ട്രാന്തരീയ പ്രാധാന്യമുള്ളതാക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നത്.

## അജണ്ട പാളിപ്പോകുന്നു

ഹമാസിനോടും മേഖലയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളോടും നേരത്തെ തന്നെ ശത്രുതയുള്ള ഹുസ്നി മുബാറക്ക് ഇത്തരമൊരു നീക്കത്തിന് തുനിഞ്ഞതിനു പിന്നിൽ കാരണങ്ങൾ പലതാണ്. അമേരിക്കയുടെ സഹായം പറ്റുന്ന രാജ്യങ്ങളിൽ ഇസ്രയേൽ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തുള്ള ഈജിപ്ത് അങ്കിൾസാമിനോടുള്ള വിധേയത്വം എന്നും പുലർത്തിയിട്ടുണ്ട്. ഫലസ്ത്വീനികളുടെ കണ്ണീരൊപ്പാനെന്ന പേരിൽ ശറമുശ്ശൈഖിൽ വിവിധഘട്ടങ്ങളിലായി സുഖവാസ ഉച്ചകോടിക്ക് ആതിഥ്യമരുളൽ, ഗസ്സയിൽനിന്നുള്ള ഫലസ്ത്വീനികളുടെ സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞ് റാഫ അതിർത്തി സീൽവെക്കൽ തുടങ്ങിയ പതിവുനടപടികൾ ഇതിന്റെ ഭാഗമാണ്. ഹമാസിനെ ഒതുക്കാൻ വാഷിംഗ്ടണിന്റെയും തെൽഅവീവിന്റെയും നിർദേശാനുസരണം മഹ്മൂദ് അബ്ബാസിന്റെ ഫതഹിനെ ഏറ്റെടുത്തിരിക്കുകയാണ് മുബാറക്ക്. ഹമാസിന്റെ തടവിൽ കഴിയുന്ന ഇസ്രയേൽ സൈനികൻ ഗിലാദ് ശാലിതിനെ ചില ഫലസ്ത്വീൻ തടവുകാർക്ക് പകരമായി കൈമാറുന്നതിനും ഫത്ഹുമായി സമാധാന കരാർ ഒപ്പിടുന്നതിനും കയ്റോയിൽ അനുരഞ്ജന ചർച്ചകൾക്ക് വേദിയൊരുക്കുകയുണ്ടായി മുബാറക്ക്. മൂന്നു തവണ ചേർന്നിട്ടും ചർച്ചകൾ പരാജയപ്പെടുകയായിരുന്നു. ഗസ്സ സംഭവത്തിൽ അബ്ബാസിന്റെ ഇസ്രയേൽ അനുകൂല നിലപാടിൽ പ്രതിഷേധിച്ചാണ് ഹമാസ് കരാർ ഒപ്പിടാൻ വിസമ്മതിച്ചത്. ഇതാണ് മുബാറക്കിനെ ചൊടിപ്പിച്ചതെന്നാണ് ഹമാസ് വൃത്തങ്ങൾ പറയുന്നത്. ഹമാസും ഫത്ഹും തമ്മിലുള്ള തർക്കം പരിഹരിക്കാൻ സുഊദി അറേബ്യയും യമനും മറ്റു അറബ് നേതൃത്വങ്ങളും നടത്തിയ അനുരഞ്ജന നീക്കങ്ങൾ പരാജയപ്പെട്ടിടത്ത് തന്റെ നീക്കം വിജയിച്ചാൽ അറബ് ലോകത്തെ ഏറ്റവും സ്വാധീനമുള്ള രാജ്യമെന്ന പേര് നേടാമെന്ന് മുബാറക്ക് കണക്കുകൂട്ടിയിരുന്നു. ശാലിതിന്റെ മോചനം സാധ്യമായാൽ ഇസ്രയേലിന്റെയും അമേരിക്കയുടെയും ഗുഡ്സർട്ടിഫിക്കറ്റ് വേറെയും. ഹമാസിന്റെ ശക്തമായ നിലപാടുകാരണം ഇതു രണ്ടും പാളി. ഇസ്രയേലീ തടവറകളിൽ നരകയാതന അനുഭവിക്കുന്ന ആയിരക്കണക്കിന് ഫലസ്ത്വീനികളുടെ മോചനത്തിന് ഒരു ശ്രമവും നടത്താത്ത ഹുസ്നി മുബാറക്ക് ഭരണകൂടം ഒരേയൊരു ഇസ്രയേലി ഭടനെ മോചിപ്പിക്കാൻ കഴിഞ്ഞ മൂന്നുവർഷമായി നിരന്തര ശ്രമം നടത്തുകയായിരുന്നു. തന്റെ സുരക്ഷാമേധാവി ജനറൽ ഉമർ സുലൈമാനെ തന്നെയാണ് മുബാറക്ക് ഈ ഉത്തരവാദിത്വം നേരിട്ടേൽപിച്ചത്. തടവുകാരെ കൈമാറുന്നതുമായി ബന്ധപ്പെട്ട മാധ്യസ്ഥ ശ്രമങ്ങൾക്ക് ഈജിപ്തിനു പകരം ഒരു മുതിർന്ന ജർമൻ നയതന്ത്രജ്ഞനെ ഹമാസ് നിശ്ചയിക്കുകകൂടി ചെയ്തതോടെ മുബാറക്കിന്റെ ഹമാസ് വിരോധം വർധിക്കുകയായിരുന്നു.

## ഗസ്സക്കാരുടെ ദുരിതം

ഇസ്രയേലും ഈജിപ്തും അതിർത്തികൾ അടച്ച് ജീവിതം വഴിമുട്ടിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ അവശ്യസാധനങ്ങൾ എത്തിക്കാൻ ഫലസ്ത്വീനികൾ കണ്ടെത്തിയ വഴിയായിരുന്നു തുരങ്കങ്ങൾ. ഇത്തരം ഭൂഗർഭ തുരങ്കങ്ങൾ വഴിയുള്ള ഇടപാടുകളിലൂടെയാണ് ഗസ്സയിലെ ജനങ്ങൾ ജീവിക്കുന്നതെന്നു പറയുന്നത് അതിശയോക്തിയല്ല. കന്നുകാലികളെ വരെ അവർ തുരങ്കം വഴി കട

ത്തുന്നു. പുറംലോകവുമായി ബന്ധപ്പെടാനുള്ള അവകാശം ഗസ്സക്കാർക്ക് നിഷേധിക്കുകയും അവശ്യവസ്തുക്കൾ തുരങ്കം വഴി കൊണ്ടുവരുന്നത് തടയുകയും ചെയ്യുകയെന്ന സമീപനമാണ് ഇസ്രയേലും ഈജിപ്തും കൈക്കൊണ്ടത്. തുരങ്കങ്ങളിൽ ബോംബ് വർഷിച്ച് നിരവധി പേരെ ഇസ്രയേൽ വധിച്ചിട്ടുണ്ട്.

ഈജിപ്ത് അതിർത്തിയിലെ റാഫ ക്രോസിംഗ് വഴി മാത്രമാണ് ഫലസ്തീനികൾക്ക് കാൽനടയായി പുറംലോകത്ത് എത്താനാവുക. ഇസ്രയേലിലേക്കുള്ള പ്രധാന പ്രവേശന കവാടമായ ഇറസിലൂടെ സഞ്ചരിക്കാൻ ഏറെക്കാലമായി അവകാശമില്ല. ഇസ്രയേലി മേഖലകളിൽ ജോലി ചെയ്യുന്ന നിരവധി തൊഴിലാളികൾക്ക് ഇതുകാരണം പണിയില്ലാതായി. ഈജിപ്തിൽനിന്ന് കെരം ശാലെം ക്രോസിംഗ് മുഖേനയും ഇസ്രയേലിൽനിന്ന് സൂഫ, കർനി ക്രോസിംഗുകൾ വഴിയുമാണ് ഗസ്സയിലേക്ക് അടിസ്ഥാനാവശ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ എത്തുന്നത്. എന്നാൽ തങ്ങളുടെ നിയന്ത്രണത്തിലുള്ള ഇരു വഴികളും ഗസ്സ ഹമാസിന്റെ നിയന്ത്രണത്തിലായതോടെ ഇസ്രയേൽ അടച്ചു. അവശ്യസാധനങ്ങളുടെ വരവ് കുറയാനും ഗസ്സയിലെ ജനങ്ങൾക്ക് കൂടുതൽ ദുരിതം വിതക്കാനുമാണ് ഇത് ഇടവരുത്തിയത്. തുറമുഖ നഗരമായ ഗസ്സയിലെ ചുങ്കംപിരിവും ഇസ്രയേൽ തന്നെയാണ് നടത്തിവരുന്നത്. റിമാൽ ജില്ലയിലെ തുറമുഖം ഇൻതിഫാദയിൽ ഇസ്രയേൽ സൈന്യം തകർക്കുകയായിരുന്നു. 1998–ൽ തുറ റാഫയിലെ ഗസ്സ ഇന്റർനാഷനൽ എയർപോർട്ട് (പിന്നീട് യാസിർ അറഫാത്ത് ഇന്റർനാഷനൽ എയർപോർട്ട് എന്നു നാമകരണം ചെയ്തു) മൂന്നു വർഷമേ പ്രവർത്തിച്ചുള്ളൂ. 2001–ലെ ഇസ്രയേലി ബോംബിംഗിൽ റഡാറുകളും 2002–ൽ റൺവേയും തകർന്നതോടെ എയർപോർട്ടിന്റെ പ്രവർത്തനം തടസ്സപ്പെട്ടു. ഗസ്സ നിവാസികൾക്ക് ഏറ്റവും അടുത്ത വിമാനത്താവളം റാഫ അതിർത്തിക്ക് അപ്പുറത്ത് ഈജിപ്തിന്റെ ഭാഗമായ അൽ അരീഷിലെ ഇന്റർനാഷനൽ എയർപോർട്ടാണ്.

## ഇല്ലാത്ത ഭീഷണി

ഈജിപ്തിന്റെ ദേശീയ സുരക്ഷ കണക്കിലെടുത്താണ് മതിൽ നിർമിക്കുന്നതെന്ന വാദം പൊള്ളയാണെന്ന് ഹമാസ് നേതൃത്വം ചൂണ്ടിക്കാട്ടുന്നു. ഹമാസ് ഒരിക്കലും ഈജിപ്തിന് ഭീഷണിയല്ല. ഇക്കാലത്തിനിടയിൽ ഈജിപ്തിനെതിരായ ഒരു നീക്കവും ഹമാസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. 'മുബാറക്ക് ഭരണകൂടത്തെ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല എന്നത് ശരിയാണ്. എന്നാൽ കയ്റോ കൈയടക്കാനൊന്നും ഞങ്ങളില്ല. ഈജിപ്തോ മറ്റേതെങ്കിലും അറബ് രാജ്യമോ അല്ല, ഇസ്രയേലാണ് ഞങ്ങളുടെ ശത്രു' –ഒരു ഹമാസ് പാർലമെന്റംഗം പറഞ്ഞു. ദേശ സുരക്ഷക്ക് ഭീഷണിയെന്ന് ഈജിപ്ത് പറയുമ്പോൾ മുബാറക്ക് ഭരണകൂടത്തിനുനേരെയുള്ള ഭീഷണിയെന്നാണ് അതിനർഥമെന്ന് വെസ്റ്റ്ബാങ്കിലെ പ്രഫസർ അബ്ദുസ്സത്താർ ഖാസിം ചൂണ്ടിക്കാട്ടുന്നു. മതിൽ നിർമാണം ഈജിപ്തിന്റെ ആഭ്യന്തര കാര്യമാണെന്ന വാദം ഹമാസ് മാത്രമല്ല, മുസ്‌ലിം പണ്ഡിതന്മാരും നിരാകരിക്കുന്നു. മതപരം, ദേശീയം, മാനുഷികം എന്നീ കാഴ്ചപ്പാടുകളിൽ ഈജിപ്തിന്റെ വാദത്തിന് ന്യായീകരണമില്ലെന്ന് അവർ ഓർമിപ്പിക്കുന്നു. അധിനിവേശ ഭൂമിയിൽ ജീവിക്കുന്ന മുസ്‌ലിം ജനതയെ ഉപരോധിക്കാൻ ഒരു മുസ്‌ലിം രാജ്യം നടത്തുന്ന നീക്കം ഏറ്റവും വലിയ പാതകമായാണ് വിശേഷിപ്പിക്കപ്പെടുന്നത്. ഖറദാവി മാത്രമല്ല, സുഊദി പണ്ഡിതൻ ശൈഖ് യൂസുഫ് ബിൻ അബ്ദുല്ല അൽ അഹ്മദും യമനിലെ ശൈഖ് അബ്ദുൽ മജീദ് അൽ സിന്ദാനിയും മതിൽനിർമാണത്തിനെതിരെ ഫത്‌വ പുറപ്പെടുവിക്കുക

യുണ്ടായി. 'ഉപരോധത്താൽ വീർപ്പുമുട്ടുന്ന ഗസ്സയിലെ മുസ്‌ലിംകൾ നിത്യജീവിതത്തിന് ആവശ്യമായ വസ്തുക്കൾ കൊണ്ടുവരാൻ ഉപയോഗിക്കുന്ന തുരങ്കങ്ങൾ തകർക്കാനെന്ന പേരിൽ ഈജിപ്ഷ്യൻ ഭരണകൂടം നിർമിക്കുന്ന മതിൽ ഇസ്‌ലാമിക ദൃഷ്ട്യാ വലിയ പാതകമാണ്. അതിന്റെ നിർമാണത്തിൽ വാക്കാലോ പ്രവർത്തിയാലോ പങ്കെടുക്കുന്നവരെല്ലാം കുറ്റക്കാരാണ്'- ശൈഖ് അൽ അഹ്മദ് ഓർമിപ്പിക്കുന്നു. എന്നാൽ ഈ ഫത്‌വകളെ തള്ളി മതിൽനിർമാണത്തിന് അനുകൂലമായി അൽ അസ്ഹറിന്റെ കൗണ്ടർ ഫത്‌വയും പുറത്തുവന്നിട്ടുണ്ട്.

മതിൽനിർമാണം ഗസ്സയുടെ ഭൂഗർഭജല ഉറവകൾക്ക് ഭീഷണിയാണെന്ന് ജലവിദഗ്ധൻ നിസാർ അൽ വഹീദി പറയുന്നു. നിർമാണവുമായി ബന്ധപ്പെട്ട് ആഴത്തിൽ കുഴിയെടുക്കുന്നത് റാഫയിലെ കെട്ടിടങ്ങൾക്കും ഭീഷണിയാകും. തുരങ്കങ്ങളിലൂടെ ഭക്ഷ്യവസ്തുക്കളും നിർമാണ സാമഗ്രികളും എത്തുന്നതാണ് ഇപ്പോൾ ഗസ്സയിലെ വിപണികൾ സജീവമാക്കുന്നത്. മതിൽനിർമാണത്തോടെ സാധനങ്ങളുടെ വരവ് പൂർണമായും തടയപ്പെടും. ഇത് ക്ഷാമവും രൂക്ഷമായ വിലക്കയറ്റവുമുണ്ടാക്കും. മുപ്പതിനായിരം പേർക്കെങ്കിലും ജോലി നഷ്ടപ്പെടുമെന്നാണ് അൽ അസ്ഹർ സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിദഗ്ധൻ മുഈൻ റജീബ് അഭിപ്രായപ്പെടുന്നത്.

ഇസ്രയേലും ഈജിപ്തും അമേരിക്കയും ഉൾപ്പെടുന്ന മുക്കൂട്ടു മുന്നണിയാണ് മനുഷ്യത്വത്തെ വെല്ലുവിളിക്കുന്ന നടപടികളുമായി മുന്നോട്ടുനീങ്ങുന്നത്. ഫലസ്തീനികളുടെ നെഞ്ചിലൂടെയുള്ള ഈ മതിൽ നിർമാണം നിർത്തൂ എന്നു പറയാൻ മുന്നോട്ടുവന്നത് ഖത്തറും സിറിയയും ഇറാനും ഉൾപ്പെടെയുള്ള രാജ്യങ്ങൾ മാത്രം. ഹമാസിനെ 'പാഠം പഠിപ്പിക്കാനു'ള്ള മുബാറക്കിന്റെ ചെയ്തികൾക്ക് സർവപിന്തുണയും വാഗ്ദാനം ചെയ്തിരിക്കുന്നു മഹ്മൂദ് അബ്ബാസ്. ഭരണകൂടത്തിന്റെ ശമ്പളം പറ്റുന്ന ചില മുഫ്തിമാരും സിൽബന്തികളുമാണ് മുബാറക്കിന്റെ മറ്റു കൂട്ടാളികൾ. മരണമതിലുമായി മുബാറക് മുന്നോട്ടുപോയാൽ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന് ഉറപ്പ്. മുബാറക്കിനെതിരെ ഒരു ഇൻതിഫാദ പൊട്ടിപ്പുറപ്പെട്ടാലും അതിശയിക്കാനില്ല. അപ്പോഴും അമേരിക്കൻ മൂടുതാങ്ങികളായ ഒരു കൂട്ടം അറബ് രാജ്യങ്ങൾ മർദകരോടൊപ്പം ഉണ്ടാകും. ■